**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** **19-06-2024 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റീസർവ്വേ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | ഡിജിറ്റൽ സർവെ നടപ്പിലാക്കിയ ആദ്യ 15 വില്ലേജുകളിൽ സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചപ്പോൾ 170305 ലാൻഡ് പാർസലുകളിലായി ആകെ 20,893 എണ്ണം (12.27%) ALC (Appeal and Land Complaints) പരാതികൾ ലഭിച്ചിരുന്നു. എന്നാൽ അവ സമയബന്ധിതമായി പരിഹരിക്കുകയും, തുടർന്ന് ഇത്തരം പരാതികൾ ഗണ്യമായി കുറയ്ക്കുവാൻ ഉതകും വിധമുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രധാനമായും വാർഡ് അടിസ്ഥാനത്തിൽ പ്രീ 9(2) ക്യാമ്പുകൾ നടപ്പിലാക്കിയതിനാൽ പരാതികൾ ഉള്ളവ അടിയന്തരമായി തന്നെ പരിഹരിക്കാൻ കഴിഞ്ഞിരുന്നു. കൂടാതെ വാർഡ് തലത്തിൽ ലോക്കൽ വോളണ്ടിയർമാരെ ഉൾപ്പെടുത്തി 'സർവെ ജാഗ്രത സമിതികൾ' രൂപീകരിച്ച് സർവെ പരാതികൾ പരിഹരിക്കാൻ വേണ്ട നടപടികൾ ഏറ്റവും കാര്യക്ഷമമായി വകുപ്പ് കൈക്കൊണ്ടു. അതിലുപരിയായി സർവെ നടത്തുന്ന അവസരത്തിൽ തന്നെ ഭൂ ഉടമയെ സർവെ ചെയ്ത റെക്കോർഡുകൾ കാണിച്ചു ബോധ്യപ്പെടുത്തിയാണ് ഡിജിറ്റൽ സർവെ നടപടികൾ മുന്നോട്ടുപോകുന്നത്. ഇത്തരം നടപടികൾ സ്വീകരിച്ചതിന് ശേഷം 9(2) പ്രസിദ്ധീകരിച്ച 167 വില്ലേജുകളിൽ 4,558 ALC പരാതികൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത് (0.2 % മാത്രം). ആയത് കൂടി പരിഹരിച്ചതിന് ശേഷമാണ് അന്തിമമായി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുക. ഇത്തരത്തിൽ ഡിജിറ്റൽ സർവ്വെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഡിജിറ്റൽ സർവെയ്ക്ക് മുൻപുള്ള റീസർവെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | റീസർവെ ഹെഡിൽ നിന്നും എൽ.ആർ.എം ജോലികൾ നിർവ്വഹിക്കുന്നതിനായി സർവെയർമാരെ പരാതികളുടെ എണ്ണത്തിനനുസരിച്ച് താലൂക്കുകളിൽ നിയോഗിച്ചിട്ടുള്ളതും പ്രസ്തുത സർവെയർമാരുടെ സർവെ ജോലികൾ വിശകലനം ചെയ്ത് കൃത്യമായ പുരോഗതി ഉറപ്പ് വരുത്തുന്നതിനായി ഹെഡ് സർവെയർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ എൽ.ആർ.എം ജോലികൾ എല്ലാ ആഴ്ചകളിലും സർവെ ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ